LIBRARY ARCHIVES Kerala Legislative Assembly

ഉത്തരം

(എ) സ്വാഭാവിക മരണം സംഭവിക്കുന്ന മത്സ്യത്തൊഴിലാളികളുടെ ആശ്രിതർക്ക് ധനസഹായം നൽകുന്ന ആം ആദ്മി ബീമാ യോജന എന്ന ഇൻഷ്വറൻസ് പദ്ധതി മിഷൻ 676-ൽ ഉൾപ്പെടുത്തുകയും സ.ഉ.(സാധാ)561/14/ മ.തു.വ. തീയതി 8-7-2014 പ്രകാരം ഭരണാനുമതി നൽകുകയും ചെയ്തിട്ടുണ്ട്. പ്രസ്തുത പദ്ധതി കേന്ദ്ര-സംസ്ഥാന സർക്കാരുകളുടെ സഹായത്തോടെയാണ് നടപ്പിലാക്കുന്നത്. ടി പദ്ധതി പ്രകാരം മത്സ്യത്തൊഴിലാളി ആത്മഹത്യ ഒഴികെ ഏത് സാഹചര്യത്തിൽ മരണപ്പെട്ടാലും ആശ്രിതർക്ക് ധനസഹായമായി 30,000 രൂപ ലഭിക്കുന്നു. അപകടംമൂലമാണ് മരണപ്പെടുന്നതെങ്കിൽ 70,000 രൂപ ധനസഹായമായി ലഭിക്കുന്നു.

(ബി) കേരളത്തിലെ 309716 മത്സ്യത്തൊഴിലാളി/അനുബന്ധ തൊഴിലാളികൾക്ക് ഇൻഷ്വറൻസ് പരിരക്ഷ ഉറപ്പുവരുത്തുകയാണ് ലക്ഷ്യം.

(സി) മത്സ്യത്തൊഴിലാളി ക്ഷേമനിധി ബോർഡിൽ അംഗത്വമെടുത്ത മത്സ്യ/അനുബന്ധ തൊഴിലാളികൾ പ്രസ്തുത പദ്ധതിയുടെ ഗുണഭോക്താക്കളായി വരുന്നു.

(ഡി) ആം ആദ്മി ബീമാ യോജന പദ്ധതി നടപ്പിലാക്കുന്നതിനുള്ള അനന്തര നടപടികൾ സ്വീകരിച്ചുവരുന്നു.

ലംപ്സം ഗ്രാന്റ്

113 (7676) പ്രൊഫ. സി. രവീന്ദ്രനാഥ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മത്സ്യബന്ധനവും തുറമുഖവും എക്സൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കഴിഞ്ഞ സാമ്പത്തിക വർഷം ഫിഷറീസ് വകുപ്പിൽ എത്ര തുകയാണ് ലംപ്സം ഗ്രാന്റായി അനുവദിച്ചിട്ടുള്ളതെന്ന് ജില്ലതിരിച്ച് വ്യക്തമാക്കുമോ ;

(ബി) ഈ ഇനത്തിൽ ഓരോ ജില്ലയും ചെലവഴിച്ച തുക എത്രയാണെന്ന് വിശദമാക്കുമോ ?

ഉത്തരം

(എ & ബി) കഴിഞ്ഞ സാമ്പത്തിക വർഷം മൊത്തം 8 കോടി രൂപ അനുവദിച്ചിരുന്നു. ജില്ല തിരിച്ചുള്ള കണക്ക് അനുബന്ധമായി ചേർത്തിരിക്കുന്നു.*

മത്സ്യത്തൊഴിലാളികളുടെ കുട്ടികൾക്ക് സ്കോളർഷിപ്പ്

114 (7677) ശ്രീ. പി. ശ്രീരാമകൃഷ്ണൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മത്സ്യബന്ധനവും തുറമുഖവും എക്സൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) മത്സ്യത്തൊഴിലാളികളുടെ കുട്ടികൾക്ക് നൽകിവന്നിരുന്ന സ്കോളർഷിപ്പ് (ഗ്രാന്റ്) ഇപ്പോൾ ലഭിക്കാത്തതുമൂലം ഇവരുടെ വിദ്യാഭ്യാസം തന്നെ അവതാളത്തിലാകുന്ന വിവരം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.